# 50

# നമ്മുടെ കുഴപ്പങ്ങൾക്ക് ദൈവത്തെ പഴിക്കൽ

## (വെളിപ്പാട് 16:9- 21)

"ഏതൊരു പക്ഷിയും അതിന്റെ വാൽ പിൻപറ്റുന്നതുവരെ മാത്രമെ പറക്കുകയുള്ളു"[1] എന്ന് ചൈനക്കാരുടെ ഒരു പഴഞ്ചൊല്ലുണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആർക്കും തന്റെ പ്രവൃത്തികളുടെ അനന്തരഫലങ്ങളിൽനിന്നും ഒഴിവാകുവാൻ സാധ്യമല്ല. ആ വസ്തുത പാപത്തെ സംബന്ധിച്ചും വാസ്തവമാണ്: "നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും" (സംഖ്യാപുസ്തകം 32:23). ഏഴ് ക്രോധകലശങ്ങൾ പാപത്തിന്റെ ആപൽക്കരമായ അനന്തരഫലത്തെയാണ് കാണിക്കുന്നത്. ആദ്യത്തെ നാല് കലശങ്ങളെ നാം കഴിഞ്ഞ പാഠത്തിൽ മനസിലാക്കി; ഈ അവതരണത്തിലും, അടുത്തതിലുമായി അവസാനത്തെ മൂന്നു കലശങ്ങളെ നാം പരിശോധിക്കും.

നാലാമത്തെ കലശം ഒഴിച്ചപ്പോൾ, അവിശ്വാസികൾ "ദൈവത്തെ ദുഷിച്ചതല്ലാതെ, അവന്നു മഹത്വം കൊടുപ്പാൻതക്കവണ്ണം മാനസാന്തരപ്പെട്ടില്ല" (വാ. 9). ഈ പഠനത്തിൽ, അഞ്ചാമത്തെ കലശം ഒഴിക്കുമ്പോൾ, ഫലം അതു തന്നെയായിരിക്കും: "സ്വർഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ, തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല" (വാ. 11). അവസാനത്തെ കലശത്തിന്റെ ഫലവും അതു തന്നെയായിരിക്കും: "മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദുഷിച്ചു" (വാ. 21). വെളിപ്പാടിന്റെ മറ്റു ഭാഗങ്ങളിൽ മൃഗത്തിനാണ് ദൂഷണനാമങ്ങളുള്ളത് എന്നു കാണാം (13:1, 5, 6; 17:3). അവിശ്വാസികളും ദൈവത്തെ ദുഷിച്ചതു കാണുമ്പോൾ, അവർ തങ്ങളുടെ യജമാനനെ ഏത്രത്തോളം അനുകരിച്ചു എന്നാണ് വ്യക്തമാക്കുന്നത്.

ദൈവത്തെ ദുഷിക്കുക എന്നു പറഞ്ഞാലെന്താണ്? ഗ്രീക്കിൽ നിന്നു ലിപി മാറ്റി എഴുതിയ വാക്ക് തർജിമ ചെയ്തു കിട്ടിയതാണ് "ദൂഷണം" എന്ന വാക്ക്, അർത്ഥം "സംസാരിച്ച് മുറിവേൽപിക്കുക എന്നാണ്."[2] ദൈവത്തെ ദുഷിക്കുക എന്നാൽ ദൈവത്തിനെതിരായി സംസാരിക്കുക എന്നാണ്. അവൻ എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അത് നശിപ്പിക്കുവാനുള്ള ശ്രമം നടത്തുക എന്നർത്ഥം. മൃഗത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത് "അത് ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു" എന്നാണ് (13:6). അത് സഭയെ കുറിച്ച് അപഖ്യാതികൾ പ്രസ്താവിക്കുന്നതാണെന്ന് നാം പറയുകയുണ്ടായി.

മൃഗത്തെ അനുഗമിച്ചവരുടെ ദൂഷണവും അതുപോലെ തന്നെയായിരുന്നു: വാക്യം 9 പറയുന്നു, "ദൈവത്തിന്റെ നാമത്തെ ദുഷിച്ചു"; ഒരുപക്ഷെ അവർ മൃഗത്തിന്റെ പേരായിരിക്കും ധരിച്ചിരിക്കുക. അതിനുപുറമെ, അവരുടെ ദൂഷണം ഒരു പ്രത്യേക ദിശയിലായിരുന്നു. സ്പഷ്ടമായും, അവരുടെ കുഴപ്പങ്ങൾക്ക് അവർ *ദൈവത്തെ പഴിക്കുവാൻ* തുടങ്ങി. അവർക്ക് ഇന്നത്തെ അവരുടെ വ്യാജന്മാരുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ, അവർ ദൈവത്തെ

വിമർശിക്കുന്നത് ഏതാണ്ട് ഇതുപോലെയായിരിക്കും: "ദൈവം അന്യായ മാണ് ചെയ്യുന്നത്! ഇത്തരം വിഷമം അനുഭവിക്കുവാൻ തക്ക തെറ്റ് എന്താണ് ഞങ്ങൾ ചെയ്തത്!" "ക്രിസ്ത്യാനികൾ പറയും ദൈവം സ്നേഹമുള്ളവ നാണ് എന്ന്, ഇതാണ് അവന്റെ സ്നേഹം എങ്കിൽ, എനിക്ക് അങ്ങനെയുള്ള സ്നേഹം വേണ്ട!" അവരുടെ "പ്രവൃത്തിക്ക് തക്ക പ്രതിഫലമാണ്" അവർക്ക് കിട്ടുന്നതെങ്കിലും അതിന് അവർ ദൈവത്തെ പഴി ചാരും (എബ്രായർ 2:2).

കാലാരംഭം മുതൽ മനുഷ്യർ തങ്ങളുടെ കുഴപ്പങ്ങൾക്ക് കാരണം മറ്റുള്ള വരിൽ ചാരും. ആദാം തന്റെ തെറ്റിനു ഭാര്യയെ പഴിച്ചു, ഹവ്വ സർപ്പത്തെ പ ഴിച്ചു (ഉൽപത്തി 3:12, 13). സ്വർണ്ണംകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കിയതെന്താ ണെന്ന് അഹരോനോട് ചോദിച്ചപ്പോൾ അവൻ ആളുകളെ പഴിച്ചു (പുറപ്പാട് 32:22, 23). യിസ്രായേലിൽ മഴയില്ലാതെ വന്നപ്പോൾ ആഹാബ് പ്രവാചകനെ പഴിച്ചു (1 രാജാക്കന്മാർ 18:17). വിവാഹിതരായ ദമ്പതികളെ ഗുണദോഷിക്കു മ്പോൾ ഈ ആരോപണം ഞാൻ തുടരെ തുടരെ കേട്ടിട്ടുണ്ട്. ദേഷ്യം സഹിക്കു വാൻ കഴിയാതിരുന്ന ഭർത്താവ് തന്റെ കൈ ചുരുട്ടി ജനലിന്റെ ഗ്ലാസിലിടിച്ചു കൈമുറിഞ്ഞു. രക്തം വാർന്നൊലിക്കുന്ന കൈകാണിച്ച് അയാൾ ഭാര്യയോട് പറഞ്ഞു, "നോക്കു, *നീ* എന്നെക്കൊണ്ട് ചെയ്യിച്ചത്!"

ഇന്ന്, ആളുകൾ തങ്ങളുടെ കുഴപ്പങ്ങൾക്ക്, മാതാപിതാക്കളെ, സ്ക്കൂളിനെ, സഭകളെ, ഗവൺമെന്റിനെ, പൊതുവിൽ സമൂഹത്തെ - എന്തിനേറെ - ദൈ വത്തെയും - പറയുന്നു, തങ്ങളെ ഒഴിച്ച് മറ്റെന്തിനേയും അവർ കുറ്റപ്പെടു ത്തും.[3] എന്നിരുന്നാലും, ബൈബിൾ ഇപ്പോഴും പഠിപ്പിക്കുന്നത്, നമ്മുടെ പ്രവൃത്തികൾക്ക് നാം തന്നെയാണ് ഉത്തരവാദികൾ എന്നാണ്. "അപ്പന്റെ അകൃത്യം മകൻ വഹിക്കേണ്ട ... ദുഷ്ടന്റെ ദുഷ്ടത അവന്റെ മേൽ തന്നെ ഇരിക്കും" (യെഹസ്ക്കേൽ 18:20).

യിരെമ്യാവ് 25:14 ലെ ദൈവത്തിന്റെ പ്രസ്താവന സത്യമാണെന്ന് തെളി യിക്കുന്നതായിരുന്നു അവസാന മൂന്നു കലശങ്ങൾ: "ഞാൻ അവരുടെ ക്രിയകൾക്കും കൈകളുടെ പ്രവൃത്തികൾക്കും തക്കവണ്ണം പകരം ചെയ്യും" പലരും ദൈവത്തിന്റെ ന്യായവിധികൾ സ്വീകരിക്കുന്നതിന് മടിക്കുന്നവരാ യിരിക്കുമെന്നും കലശങ്ങൾ വ്യക്തമാക്കുന്നു. അവരുടെ അസന്തുഷ്ടമായ ഉദാഹരണത്തിൽനിന്നു പഠിക്കുവാൻ കഴിയും; നമ്മുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ നമുക്ക് ശീലിക്കാം. ഒരു ദിവസം "*നമ്മിൽ* ഓരോരുത്തരും ദൈവത്തിനു കണക്കു കൊടുക്കണം" (റോമർ 14:12; എംഫ സിസ് മൈൻ).

### വേദനക്ക് ദൈവത്തെ പഴിക്കൽ (16:10, 11)

"അഞ്ചാമത്തെ കലശത്തേക്കാൾ അതിശയം-ജനിപ്പിക്കുന്ന ദൈവശ്വാ സിയത വെളിപ്പാട് ദർശനങ്ങ [ളിൽ] വളരെ കുറച്ച് മാത്രമെ കാണുന്നുള്ളു"[4] എന്ന് മൈക്കിൾ വിൽക്കോക്കിന് ബോധ്യപ്പെട്ടു. ആ കലശത്തെ കുറിച്ചുള്ള വേദഭാഗം തുടങ്ങുന്നു, "അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാ സനത്തിന്മേൽ[5] ഒഴിച്ചു; അപ്പോൾ അതിന്റെ രാജ്യം ഇരുണ്ടുപോയി" (വാ. 10). (ഈ പാഠത്തിന്റെ അവസാനം വരുന്ന "അഞ്ചാമത്തെ കലശം" എന്ന ചിത്രീകരണം നോക്കുക.)

അഞ്ചാമത്തെ *കാഹളം* ഊതിയപ്പോൾ, മനുഷ്യരെ ദണ്ഡിപ്പിക്കുന്നതിനാ യി അഗാധത്തിൽനിന്നു ഭൂതബാധയേറ്റ വെട്ടുക്കിളികൾ പുറപ്പെട്ടുവന്നു. അത്

ആലങ്കാരികമായി മനസാക്ഷിയെ കുറ്റപ്പെടുത്തുന്നതടക്കം[6] വ്യക്തികളുടെ പാപത്തിന്റെ ഫലമായിരുന്നു എന്നു നാം കണ്ടു. പാപത്തിന്റെ അനന്തരഫലമാണ് ധാർമ്മിക അധപ്പതനം[7] എന്നും നാം ഊന്നി പറയുകയുണ്ടായി. അഞ്ചാമത്തെ *കലശം* പാപത്തിന്റെ ഫലമായുണ്ടാകുന്ന വേദനയെയും കാണിക്കുന്നു, എന്നാൽ ലോകത്തെ മുഴുവൻ എടുത്താൽ അത് അധികം ആളുകളെ ബാധിച്ചില്ല എന്നു കാണാം: കലശം ഒഴിച്ചത് "മൃഗത്തിന്റെ സിംഹാസനത്തിന്മേലും," അവന്റെ "രാജ്യത്തിന്മേലും" ആയിരുന്നു.

സർപ്പമായിരുന്നു മൃഗത്തിന് സിംഹാസനം നൽകിയത് എന്ന് അദ്ധ്യായം 13-ൽ പറയുന്നു (13:2). മൃഗത്തിന് ഒരു രാജ്യമുണ്ടായിരുന്നു എന്ന് വ്യക്തം: "ലോകരാജ്യം" എന്നു മുൻപ് വിളിച്ച രാജ്യത്തെയായിരുന്നു അവൻ വാണിരുന്നത് (11:15). മൃഗം എന്നത്, ആലങ്കാരികമായി, ഡൊമിഷ്യന്റെ കീഴിലുള്ള റോമാ സാമ്രാജ്യത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് നാം മനസിലാക്കി. ആകയാൽ, "സിംഹാസനം," "രാജ്യം" എന്നീ വാക്കുകൾ യോജിച്ചതു തന്നെ: റോമിലുള്ള അവന്റെ സിംഹാസനത്തിൽനിന്നു ഡൊമിഷ്യൻ തന്റെ രാജ്യത്തെ ഭൂമിയിൽ എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിപ്പിച്ചു.

അഞ്ചാമത്തെ കലശത്തിന്റെ *പ്രവൃത്തികൾ* റോമാ സാമ്രാജ്യത്തിന്റെ തുടർ ചരിത്രം പരിശോധിച്ചാൽ യോജിക്കുന്നതായി കാണാം. മിസ്രയിമിൽ ഒരു ബാധക്കും-അടുത്തതിനു-മിടയിൽ ഇരുട്ടുണ്ടായപ്പോൾ (പുറപ്പാട് 10:21-29),[8] എല്ലാ പ്രവൃത്തികളും നിശ്ചലമായി (പുറപ്പാട് 10:23).[9] അതുപോലെ, സിംഹാസനത്തിലും, രാജ്യത്തിലും ഇരുട്ടുണ്ടായപ്പോൾ ഒരുപക്ഷെ സാമ്രാജ്യത്തിൽ വിള്ളലുണ്ടായിരിക്കാം.[10]

ഇരുട്ടിനെ സംബന്ധിച്ച് നമുക്ക് പൊതുവായ പ്രായോഗികത വരുത്താം: പാപമാണ് മനുഷ്യ ഹൃദയങ്ങളെയും മനസുകളെയും ആലങ്കാരികമായി ഇരുട്ടാക്കുന്നത്.[11] യേശു പറഞ്ഞു, "മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ; അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചു" (യോഹന്നാൻ 3:19). സാത്താന്റെ രാജ്യത്തെ "ഇരുട്ടിന്റെ അധികാരം" എന്നാണ് വിളിച്ചിരിക്കുന്നത് (കൊലൊസ്യർ 1:13; കൂടാതെ പ്രവൃത്തികൾ 26:18 നോക്കുക). നാം ക്രിസ്ത്യാനികളാകുമ്പോൾ, ദൈവം നമ്മെ "ഇരുട്ടിൽനിന്ന്, അവന്റെ അത്ഭുത പ്രകാശത്തിലേക്ക്" ആണ് വിളിക്കുന്നത് (1 പത്രൊസ് 2:9).

അവസാനം, നഷ്ടപ്പെട്ടവരെ "പുറത്തുള്ള ഇരുട്ടിലേക്ക്" തള്ളിക്കളയും എന്നു കൂടെ അഞ്ചാമത്തെ കലശം ഓർപ്പിക്കുന്നു (മത്തായി 22:13) - വെളിച്ചമായ ദൈവത്തിന്റെ സാന്നിധ്യത്തിൽനിന്നും അകലെ (2 തെസലൊനിക്യർ 1:9; 1 യോഹന്നാൻ 1:5) - "അന്ധകാര ഗർത്തത്തിലേക്ക്," "കൂരിരുട്ടിലേക്ക്" (2 പത്രൊസ് 2:4, 17), അവിടെ "കരച്ചലും പല്ലുകടിയും" ആയിരിക്കും (മത്തായി 22:13).

ദൈവത്തിന്റെ ന്യായവിധി നേരുള്ളതെന്ന് ശ്രദ്ധിക്കുക.ഫലത്തിൽ, അഭക്തരോട് അവൻ പറഞ്ഞു, "നിങ്ങൾ ഇരുട്ടിനെ സ്നേഹിച്ചു; അതുകൊണ്ട് നിങ്ങൾക്ക് ഇരുട്ട് ലഭിക്കും - ആ ഇരുട്ട് നിങ്ങളെ മൂടും, അന്ധമാക്കും, ശ്വാസം മുട്ടിക്കും - അവസാനം എന്നേക്കും ഇരുട്ടു തന്നെയായിരിക്കും!"

മൃഗത്തിന്റെ രാജ്യത്തിലുള്ളവരെ എങ്ങനെ ഇരുട്ട് ബാധിച്ചു? നാം ആദ്യം വായിക്കുന്നത് "കഷ്ടത നിമിത്തം അവർ നാവ് കടിച്ചു" (വാ. 10). കഷ്ടത ഒരുപക്ഷെ ഇരുട്ടിന്റെ നേരിട്ടുള്ള ഫലമായിട്ടായിരിക്കാം. (ഒരുപക്ഷെ അവരുടെ നേതാക്കന്മാർക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നില്ലല്ലൊ എന്ന അറിവും ആയി

രിക്കാം.) ആദ്യത്തെ നാല് കലശങ്ങളുടെ ഫലവും, ആദ്യത്തെ കലശത്തിന്റെ ഫലമായുണ്ടായ വ്രണവും അവരുടെ കഷ്ടതയുടെ തീവ്രത കൂട്ടിയിരിക്കാം. (വാ. 2, 11). അർദ്ധരാത്രിയിലെ കൂരിരുട്ട് എന്നെ ഭയപ്പെടുത്തുന്നതാണ്.

"നാവ് കടിച്ചു"[12] എന്നത് എന്നെ സംഭ്രമിപ്പിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ മറ്റൊരുഭാഗത്തുമില്ലാത്ത ഈ പ്രയോഗം അന്നുണ്ടായിരുന്നതും പിന്നീട് ഇല്ലാതാകുകയും ചെയ്ത പ്രയോഗമായിരിക്കാം. ആരെങ്കിലും നാവ് കടിക്കുന്നതായി ഞാൻ കണ്ടിട്ടുള്ളത് അപസ്മാര രോഗം ബാധിച്ചവരിലാണ്. ഇവരിൽ അപസ്മാരമിളകുന്ന സമയത്ത് അവരുടെ ചുണ്ടുകൾക്കിടയിൽ എന്തെങ്കിലും വെച്ചില്ലെങ്കിൽ ചിലപ്പോൾ നാവ് കടിച്ചു മുറിക്കും. കാരണം അത്തരം രോഗികൾ ചെയ്യുന്നതെന്താണെന്ന് അവർ തിരിച്ചറിയുന്നില്ല. വാക്യം 10 ലെ അവർ "കഷ്ടത നിമിത്തം നാവ് കടിച്ചു" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്, കഷ്ടതയാൽ വ്യക്തികളുടെ "മനസ് വിട്ടുപോയി" എന്നാണ്. എങ്ങനെയായാലും, അവർക്കുണ്ടായ കഷ്ടത കഠിനമായിരുന്നു!

മൃഗത്തിന്റെ രാജ്യത്തിലായിരുന്ന "അവർ കഷ്ടത നിമിത്തം നാവ് കടിച്ചുകൊണ്ട്, കഷ്ടങ്ങളും വ്രണങ്ങളും[13] ഹേതുവാൽ സ്വർഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ, മാനസാന്തരപ്പെട്ടില്ല" എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാകുന്നു (വാ. 11). അവർ ഇരുട്ട് തിരഞ്ഞെടുത്തതാണ്, എങ്കിലും അവർ അതുനിമിത്തം ദൈവത്തെ പഴിക്കുകയാണ്: ഒരു മനുഷ്യൻ ബാഗ് കൊണ്ടു തല മൂടി നടന്ന ചിത്രം ഓർമ്മ വരുന്നു. അയാൾ നടക്കുമ്പോഴെല്ലാം ദേഹം അവിടവിടെ തട്ടുകയും മുറിവേൽക്കുകയും ചെയ്തതു നിമിത്തം അയാൾ നിലവിളിച്ചു, "ദൈവമേ, നീ എന്തിനാണ് എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്? എന്തിനാണ് ഇങ്ങനെ വേദന തീറ്റുന്നത്?"

നാം തന്നെ നമ്മെ ഇരുട്ടിലേക്കും കഷ്ടതയിലേക്കും തള്ളിവിട്ടിട്ട് നമുക്ക് ദൈവത്തെ പഴിക്കാതിരിക്കാം. പകരം, "ഞാൻ വെളിച്ചം ആകുന്നു" എന്നു പറഞ്ഞവങ്കലേക്ക് നമുക്ക് ഓടിച്ചെല്ലാം (യോഹന്നാൻ 8:12).

## പ്രശ്നങ്ങൾക്ക് ദൈവത്തെ പഴിക്കൽ (16:12-17)

"ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് എന്ന മഹാനദിയിൽ ഒഴിച്ചു; കിഴക്കുനിന്നു വരുന്ന രാജാക്കന്മാർക്ക് വഴി ഒരുങ്ങേണ്ടതിന്നു അതിലെ വെള്ളം വറ്റിപ്പോയി"[14] (വാ. 12). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ആറാമത്തെ കലശം" എന്ന ചിത്രീകരണം നോക്കുക.)

ആറാമത്തെ *കാഹളം* ഊതിയപ്പോൾ, യൂഫ്രത്തേസിനു ചുറ്റും നാല് ദൂതന്മാർ വരികയും അവർ വലിയോരു സൈന്യമായി തീരുകയും ചെയ്തു (9:13–19).[15] നാം കാഹളങ്ങളെ കുറിച്ചു പഠിച്ചപ്പോൾ, റോമാക്കാർക്കും അവരുടെ കിഴക്കുള്ള ശത്രുക്കൾക്കും വലിയോരു തടസമായിരുന്നു യൂഫ്രത്തേസ് എന്ന് നാം മനസിലാക്കി.[16] അതേ നിയന്ത്രണാശയമാണ് ആറാമത്തെ *കലശ*ത്തിലുള്ളത്: യൂഫ്രത്തേസ് നദി വറ്റിപ്പോയത് തടസം നീങ്ങി എന്നു സൂചിപ്പിക്കുന്നു. അങ്ങനെ കിഴക്കുനിന്നുള്ള രാജാക്കന്മാർക്ക് വഴി തുറന്നതിനാൽ,[17] അവർ കീഴ്പ്പെടുത്തുവാനുള്ള സൈന്യവുമായി ദേശത്തേക്ക് പാഞ്ഞു. ബാഹ്യമായ ആക്രമണമായിരുന്നു, റോമിന്റെ വീഴ്ച്ചക്ക് ഒരു കാരണം എന്ന്, ഒരിക്കൽകൂടെ നമ്മെ ഓർപ്പിക്കുന്നു.

എങ്ങനെയായാലും, ആറാമത്തെ കലശത്തിന്റെ പ്രായോഗികത നാം റോമാ സാമ്രാജ്യത്തിൽ മാത്രം ഒതുക്കി നിർത്തേണ്ടതില്ല, പക്ഷെ ദൈവേഷ്ടം

ചെയ്യുന്നവരെ അതിൽനിന്നു വിടുവിക്കുമെന്ന വാഗ്ദാനം ഉണ്ട്: "നമുക്ക് കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ അവൻ സമ്മതിക്കുകയില്ല" (1 കൊരിന്ത്യർ 10:13). അഭക്തർക്ക് അത്തരം വാഗ്ദാനം ഇല്ല. ഒരാൾ ദൈവ ത്തോട് എതിർക്കുമ്പോൾ, തടസം താഴേക്ക് വരും - തൽഫലമായി ആപത്തും വരും.[18]

അഞ്ചാമത്തെ കലശത്തിനുശേഷം, ആളുകളുടെ പ്രതികരണം നാം കണ്ടു. ഇപ്പോൾ, ആറാമത്തെ കലശത്തിനുശേഷം, പിശാചിന്റേയും അവന്റെ കൂട്ടാ ളികളുടേയും പ്രതികരണം നോക്കാം:

> മഹാസർപ്പത്തിന്റെ വായിൽനിന്നും, മൃഗത്തിന്റെ വായിൽനിന്നും കള്ള പ്രവാചകന്റെ[19] വായിൽനിന്നും തവളയെപോലെ മൂന്നു അശുദ്ധാത്മാ ക്കൾ[20] പുറപ്പെടുന്നത് ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന്നു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട്, അവരുടെ അടുക്കലേക്ക് പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നേ ... അവ അവരെ എബ്രാ യഭാഷയിൽ ഹർ-മ്മഗദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു (വാ. 13, 14, 16). (അടുത്ത പാഠത്തിന്റെ അവസാനം വരുന്ന "തവളയെ പോലെയുള്ള മൂന്ന് അശുദ്ധാത്മാക്കൾ" എന്ന ചിത്രീകരണം നോക്കുക.)

പിശാച് തന്റെ "ആസൂത്രണ മുറിയിൽനിന്നും[21] നടത്തുന്ന പ്രത്യാക്രമ ണത്തെ കുറിച്ചാണ്" ആ വാക്യങ്ങൾ പറയുന്നത്. ദൈവത്തിന്റെ ന്യായവിധി കളെ പിശാച് ഒരിക്കലും സ്വീകരിക്കുകയില്ല; അവനെ "ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നതുവരെ" തന്റെ മൽസരം തുടർന്നുകൊ ണ്ടിരിക്കും (20:10).

"എബ്രായഭാഷയിൽ ഹർമ്മഗദ്ദോൻ" വേദഭാഗം പരിചയപ്പെടുത്തുന്നു (വാ. 16; കെജെവി). മുൻപ് നാം "666" എന്ന സംഖ്യ പ്രത്യേക സമയം എടുത്ത് നോക്കിയപ്പോൾ, അതിനു ചുറ്റും വിചിത്രമായ ചില ആശയങ്ങൾ നാം കാണു കയുണ്ടായി. "666" നു ചുറ്റും അതുമായി ബന്ധപ്പെട്ടുയർന്നവയിൽ പരിഹാ സ്യമായവയിൽ പെടുന്ന ഒന്നാണ് ഹർമ്മഗദ്ദോനെ കുറിച്ചുള്ളത്.

"ഹർമ്മഗദ്ദോൻ യുദ്ധം" എന്ന ആശയം "അവസാനത്തെ മഹാ യുദ്ധ മായി" എടുക്കുന്നത് മനുഷ്യനിൽ[22] രൂഢമൂലമായിരിക്കുകയാൽ, 12 മുതൽ 16 വരെയുള്ള വാക്യങ്ങളെ കുറിച്ച് ഒരു പ്രത്യേക പാഠമായി രൂപപ്പെടുത്തേ ണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. എങ്കിലും ആ വാക്യങ്ങൾ അദ്ധ്യായം 16 ന്റെ സന്ദർഭത്തിൽ ചില അഭിപ്രായങ്ങൾ പറയുന്നത് ഉചിതമായിരിക്കും.

കർത്താവിനെ നേരിടുവാൻ അവന്റെ ശത്രുക്കൾ സൈന്യത്തെ കൂട്ടിച്ചേർക്കുന്നതാണ് രംഗം. തങ്ങൾ ചെയ്യുന്നതെല്ലാം ദൈവത്തിന്റെ മൊത്തത്തിലുള്ള പദ്ധതിയുടെ ഭാഗമാണെന്ന് അവർ തിരിച്ചറിയുന്നില്ല. അത് "അവർ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനായി ഭൂതാത്മക്കളെ കൂട്ടിച്ചേർക്കുന്നത്" വ്യക്തമാക്കുന്നു (വാ. 14). അവർ വിചാരി ച്ചത്, യുദ്ധം *അവരുടേതാണ്* എന്നാണ്, വാസ്തവത്തിൽ അത് *ദൈവത്തിന്റെ* യുദ്ധമായിരുന്നു - അവനാണ് സമയത്തെ നിയന്ത്രിക്കുന്നത്. "ദൈവത്തിന്റെ ദിവസം" എന്നത് ന്യായവിധിക്കായി അവൻ വരുന്ന ദിവസത്തെയാണ് സൂചി പ്പിക്കുന്നത് (2 പത്രൊസ് 3:12).[23]

### ഒരു സ്ഥലം-അല്ലാത്തത്

അവർ ചെയ്തതെല്ലാം ദൈവനിയന്ത്രണത്തിലായിരുന്നു എന്നതിന്റെ രണ്ടാമത്തെ സൂചനയാണ്, അവർ സൈന്യത്തെ കൂട്ടിച്ചേർത്ത *സ്ഥലം*: "അവർ അവരെ എബ്രായ ഭാഷയിൽ ഹർമ്മഗദ്ദോൻ എന്നു പേരുള്ള സ്ഥലത്തു കൂട്ടി ച്ചേർത്തു" (വാ. 16). "ഹർമ്മ-ഗദ്ദോൻ" (കെജെവിയിൽ "അർമ്മഗദ്ദോൻ") എന്ന തിന്റെ അർത്ഥം, "മെഗദോ പർവ്വതം" ആണെന്ന് മിക്ക പണ്ഡിതന്മാരും സമ്മ തിക്കും. "എങ്ങനെയായാലും, ഇതിലുള്ള ബുദ്ധിമുട്ട് എന്തെന്നാൽ, ബ്രൂസ് മെറ്റ്സ്ജർ പറഞ്ഞതുപോലെ, 'മെഗദോ പർവ്വതം'[24] എന്ന ഒന്നില്ല എന്നതാണ്. പഴയനിയമത്തിൽ മെഗദോനെ കുറിച്ച് ധാരാളം പറയുന്നുണ്ട്," എന്നാൽ മെഗദോൻ പർവ്വതത്തെ കുറിച്ച് ഒന്നുമില്ല. പാലസ്തീനിൽ എവിടെയെങ്കിലും "മെഗദോൻ പർവ്വതം" എന്ന ഒന്നുണ്ടായിരുന്നേക്കാം എന്ന നിഗമനത്തിൽ എഴുത്തുകാരെത്തിയിരുന്നെങ്കിലും അത്തരം ഒരു പർവ്വതം ഇല്ലായിരുന്നു.

ഭൂഗോളത്തിൽ ഇല്ലാത്ത ഒരു "മെഗദോൻ പർവ്വതത്തെ" കുറിച്ച് പരിശുദ്ധാ ത്മാവ് ഉപയോഗിച്ച് നമുക്ക് ഒരു സൂചന പോലും തരുന്നില്ലേ? യോഹന്നാൻ എഴുതുന്നത് ഭൂമിശാസ്ത്രസ്ഥാനങ്ങളെയല്ല, പിന്നെയോ ആശയത്തെയാണ്. നാം പഠിച്ച "പിണയൽ" ആശയത്തെ ഓർക്കുമല്ലൊ;[25] വെളിപ്പാടിൽ പരി ശുദ്ധാത്മാവ് പഴയനിയമ വാക്കുകൾ ഉപയോഗിക്കുമ്പോൾ ചില മാറ്റങ്ങൾ വരുത്തും (അതിന് "പിണയൽ" നൽകും), അതായത് പഴയനിയമത്തിലുള്ള അതേ കാര്യങ്ങളല്ല, പക്ഷെ അതുമായി ബന്ധപ്പെട്ട *ആശയമാണ്* എന്ന് ന മ്മെ ബോധ്യപ്പെടുത്തുകയാണ്.

മെഗദോൻ എന്നതി-ന്റെ പിണ-യലിൽ നിന്ന് നമുക്ക് എന്ത് ആശയമാണ് ലഭിക്കുന്നത്? പ്രധാനപ്പെട്ട യുദ്ധങ്ങൾ നടന്ന സ്ഥലമായിരുന്നു മെഡിഗോ. പ്രത്യേകിച്ച്, *ദൈവേഷ്ടം ചെയ്തവർ ജയിക്കുകയും ദൈവേഷ്ടത്തിന് വിരുദ്ധമായിരുന്നവർ പരാജയപ്പെടുകയും ചെയ്ത സ്ഥലമായിരുന്നു അത്.* (ആ വാചകം നിങ്ങൾ ഒരിക്കൽ കൂടെ വായിച്ച് ഹൃദിസ്ഥമാക്കുക), വാക്യം 16 മായുള്ള ബന്ധത്തിൽ അതിന്റെ പ്രാധാന്യം പരിഗണിക്കുക: "അവർ അവരെ എബ്രായ ഭാഷയിൽ ഹർമ്മ-ഗദോൻ എന്ന സ്ഥലത്ത് കൂട്ടിച്ചേർത്തു." *ജയി ക്കുവാൻ സാധ്യതയില്ലാത്ത സ്ഥാനത്താണ്* തവളകൾ അവയുടെ സൈ ന്യത്തെ കൂട്ടിച്ചേർത്തത് - ആരംഭം മുതൽ അവ അവിടെ നശിച്ചിട്ടേയുള്ളു!

### ഒരു സംഭവ-മല്ലാത്തത്

ഏർപ്പാട് സ്ഥലമല്ലാ-ത്തതായിരുന്നതു മാത്രമല്ല, സാഹചര്യം, സംഭവ-മല്ലാത്തതുമായിരുന്നു. ഒരു "യുദ്ധം" ഉണ്ടായിരുന്നില്ല. ദുഷ്ടശക്തികൾ കൂടി ച്ചേർന്നപ്പോൾ, "ഏഴാമത്തെ ദുതൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചുതീർന്നു എന്ന് ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു" (വാ. 17). വെടിയുണ്ടകളില്ലായിരുന്നു. പൊ ട്ടിത്തെറിക്കുന്ന മിസൈലുകളുമില്ലായിരുന്നു. ദൈവം പറഞ്ഞു, "സംഭവിച്ചു തീർന്നു," അങ്ങനെ അത് അവസാനിച്ചു.

*"അർമ്മഗദോൻ യുദ്ധത്തെ" കുറിച്ച് ബൈബിളിനറിയില്ല!* ദൈവപദ്ധതിയെ തുരങ്കം വെക്കുന്ന പിശാചിന്റെ തുടർച്ചയായ പ്രവർത്തനങ്ങളെ ആലങ്കാരിക മായി പറയുകയാണ് വാക്യങ്ങൾ 13 മുതൽ 16 വരെ - അത് പരാജയത്തിനും നാശത്തിനുമുള്ള ശ്രമങ്ങളാണ്.

വാക്യങ്ങൾ 13 മുതൽ 16 വരെയുള്ള ഭാഗങ്ങൾ വിട്ടുപോകുന്നതിനു മുൻപ്,

ഒരു സത്യം കൂടെ ഊന്നി പറയേണ്ടതുണ്ട്: തവളകൾ സൈന്യത്തെ തിരഞ്ഞെടുക്കുന്നതിനിടയിൽ കർത്താവ് തടസപ്പെടുത്തി (തടസങ്ങൾക്കുള്ളിലെ തടസം): ("ഞാൻ കള്ളനെപോലെ,[26] വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ്[27] സൂക്ഷിച്ചും ജാഗരിച്ചുംകൊള്ളുന്നവൻ ഭാഗ്യവാൻ[28])" (വാ. 15).

13, 14, 16 എന്നീ വാക്യങ്ങളിലെ ഒഴുക്ക് തടസപ്പെടുത്തുന്നതുകൊണ്ട്, തെറ്റായ സ്ഥാനത്താണ് വന്നിരിക്കുന്നത് എന്ന് ഉദാരമനസ്ക്കരായ ചില വ്യാഖ്യാതാക്കൾ[29] കരുതുന്നു. അവർ വാക്യം 15 അവിടെ നിന്നും എടുത്തു മാറ്റുകയോ, വേറെ ഭാഗത്ത് ഉൾപ്പെടുത്തുകയോ ചെയ്യുന്നു. എങ്ങനെയായാലും, പരിശുദ്ധാത്മാവ് ആഗ്രഹിച്ചത് ശരിയായ സ്ഥാനത്തു തന്നെയാണ്, അത് അവിടെ യോജിക്കയും ചെയ്യുന്നു. ഇത് പരിഗണിക്കുക: ദുഷ്ടശക്തികളെല്ലാം ഒരു സ്ഥലത്ത് ഒന്നിച്ചുകൂടുന്നത് യോഹന്നാന്റെ വായനക്കാരെ ജാഗ്രതയുള്ളവരാക്കിയേക്കാം (വാ. 13, 14). അങ്ങനെ എതിരാളികളെ പൊളിക്കുന്നതിനു താൻ വരുന്നു എന്ന് യേശു ഉറപ്പിച്ചു പറയുന്നു.[30]എന്റെ ഒരു മകൾക്ക് ഒരു ഓപ്പറേഷൻ വേണ്ടി വന്ന സമയത്ത്, പ്രതീക്ഷിക്കാവുന്നതിനെ കുറിച്ച് ഞാൻ അവളോട് പറഞ്ഞു. അവൾ അസ്വസ്ഥയായി കണ്ടപ്പോൾ, ഓപ്പറേഷൻ കഴിയുന്നതുവരെ ഞാൻ ഇവിടെത്തന്നെയുണ്ടാകും എന്ന് പറഞ്ഞ് ഞാൻ നിർത്തി. പിന്നെ വിവരിക്കലും അവസാനിപ്പിച്ചു.

പ്രശ്നം പരിഹരിക്കുവാൻ വേണ്ടത് ചെയ്യാമെന്ന് വെറുതെ പറയുകയല്ല യേശു ചെയ്തത്. തന്റെ അനുയായികളോട് *അവർ* എന്തു ചെയ്യണമെന്നും പറഞ്ഞു: (1) അവർ ആത്മിയമായി ഉണർന്നിരിക്കയും (2) അവർ ശരിയായ ആത്മിയ വസ്ത്രം ധരിക്കയും ചെയ്യണം. ഏഴ് സഭകൾക്ക് നിർദ്ദേശം കൊടുക്കുമ്പോഴും ഇതേ വെല്ലുവിളികൾ നൽകി: സർദ്ദിസിലെ സഭയോട് യേശു പറഞ്ഞു, "ഉണർന്നുകൊൾക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക ... നീ ഉണരാതിരുന്നാൽ ... ഞാൻ കള്ളനെപോലെ വരും. ഏത് നാഴികയിൽ നിന്റെമേൽ വരും എന്ന് നീ അറികയുമില്ല" (3:2, 3).[31] അവൻ ലവൊദിക്യസഭയെ ഉപദേശിച്ചു പറഞ്ഞു, "നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്ക് കാഴ്ച്ച ലഭിക്കുവാൻ ലേപവും എന്നോട് വിലെക്ക് വാങ്ങുക" (3:18).[32] കർത്താവ് മുൻപറഞ്ഞ വെല്ലുവിളി വ്യക്തമാണ്: അവന്റെ മടങ്ങിവരവിന് എപ്പോഴും ഒരുങ്ങിയിരിക്കുക![33]

### ശിക്ഷക്ക് ദൈവത്തെ പഴിക്കൽ (16:17-21)

ദുഷ്ടശക്തികളെല്ലാം തങ്ങൾക്ക് ജയിക്കുവാൻ സാധ്യമല്ലാത്ത ഒരു സ്ഥലത്ത് ഒന്നിച്ചു ചേരുവാൻ അറിയിച്ചപ്പോൾ (ഹർ–മ്മഗദോൻ), ഏഴാമത്തെ ദൂതൻ തന്റെ കലശം ഒഴിക്കുവാൻ തയ്യാറായി: "ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു" (വാ. 17). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഏഴാമത്തെ കലശം" എന്ന ചിത്രീകരണം നോക്കുക.)

കലശം "*ആകാശ*ത്തിൽ" ഒഴിച്ചതിൽ ചില എഴുത്തുകാർ പ്രാധാന്യം കാണുന്നു. നാം ശ്വസിക്കുന്ന വായുവിലാണ് എന്ന പ്രാധാന്യമാണ് മറ്റു ചിലർ കാണുന്നത്: വെള്ളം രക്തമായി മാറിയപ്പോൾ (രണ്ടും മൂന്നും കലശങ്ങൾ), അതു മോശമായിരുന്നു, കാരണം മനുഷ്യർക്ക് വെള്ളമില്ലാതെ രണ്ടുമൂന്നു ദിവസമേ ജീവിക്കുവാൻ കഴിയു; നെരെ മറിച്ച് ശുദ്ധവായു ഇല്ലാതെ മനുഷ്യർക്ക് ഏതാനും മിനിറ്റേ ജീവിക്കുവാൻ പറ്റു. ആകാശത്തിലെ അധികാരം പിശാചി

നായിരുന്നതുകൊണ്ട്, ആ ദൂതൻ "ആകാശത്തിൽ" ഒഴിച്ചത് പിശാചിനെ നേരിട്ട് ആക്രമിക്കുന്നതിനായിരുന്നു എന്ന് മറ്റു ചിലർ കരുതുന്നു (എഫെസ്യർ 2:2). ആ വാക്കിന് വലിയ പ്രാധാന്യം ഇല്ലായിരിക്കാം: നാം "അന്തരീക്ഷം" എന്നു വിളിക്കുന്ന ആകാശത്തിൽ ഒഴിച്ച്, "ദൈവത്തിന്റെ ക്രോധത്തിൽനിന്നും ആരും തെറ്റി ഒഴിയാതിരിക്കേണ്ടതിന്ന് എല്ലാ മുക്കിലും മൂലയിലും ഉള്ള മനുഷ്യരിലേക്കും അവന്റെ കോപം ഒഴുകി [യിറങ്ങി]."[34]

അത് കഴിഞ്ഞ്, " 'സംഭവിച്ചു തീർന്നു,' എന്ന് ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു[35] വന്നു" (വാ. 17). വാക്യം 1 ലേതുപോലെ, ശബ്ദം ദൈവത്തിന്റേതായിരിക്കണം.[36] "സംഭവിച്ചു തീർന്നു" എന്നത് ഗ്രീക്കിലെ ഒറ്റ വാക്ക് പൂർണ്ണകാലത്തിൽ തർജിമ ചെയ്തതാണ്; പ്രവൃത്തി പൂർത്തിയാക്കി എന്നാണ് വാക്ക് അർത്ഥമാക്കുന്നത്.[37] താൻ എന്തു ചെയ്യുവാൻ തീരുമാനിച്ചുവോ അത് ദൈവം തികെച്ചു എന്നർത്ഥം. വെളിപ്പാടിൽ ആറ് അദ്ധ്യായങ്ങൾ കുടെ അവശേഷിക്കുന്നുണ്ട്, എന്നാൽ ശേഷം ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത് അദ്ധ്യായം 16 ന്റെ അവസാന വാക്യങ്ങളുടെ വിപുലീകരണവും വിശദീകരണങ്ങളുമാണ്.

ദൈവശക്തി പ്രദർശിപ്പിച്ച ശേഷമായിരുന്നു ദൈവിക അറിയിപ്പ്:[38] "മിന്നലും, നാദവും ഇടിമുഴക്കവും, വലിയ ഭൂകമ്പവും ഉണ്ടായി, ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായൊരു ഭൂകമ്പം ഉണ്ടായിട്ടില്ല"[39] (വാ. 18).

ഭൂകമ്പം പ്രത്യേകമായി മഹതിയാം ബാബിലോനിനെ ലക്ഷ്യം വച്ചായിരുന്നു (അത് റോം ആയിരുന്നുവെന്ന് നാം അടുത്ത അദ്ധ്യായത്തിൽ തിരിച്ചറിയും;[40] 17:9, 18 നോക്കുക); ബാബിലോന്റെ വീഴ്ച്ചയെക്കുറിച്ച് 14:18-ൽ പറഞ്ഞിരിക്കുന്നു; ഇവിടെ ആ വീഴ്ച്ചയെ കുറിച്ചുള്ള ചെറിയ വിവരണമുണ്ട്, "മഹാനഗരം മൂന്നംശമായി പിരിഞ്ഞു" (വാ. 19). "മൂന്ന്" എന്നത് "ദൈവിക സംഖ്യയാണ്"[41] "മൂന്നായി പിരിഞ്ഞു" എന്നത് ദൈവത്തിന്റെ ന്യായവിധിയെ സൂചിപ്പിക്കുന്നു.[42]

മറ്റുള്ളവരെ ബാധിക്കാതെ റോമിനെ വീഴ്ത്തുവാൻ കഴിയുമായിരുന്നില്ല. ലോകത്തിന്റെ രാജ്ഞിയായിരുന്നു അന്ന് റോമാനഗരം; ഭാവിയെ വിചാരിച്ച് മിക്ക മനുഷ്യരും റോമുമായി സഖ്യത്തിലായിരുന്നു. അതുകൊണ്ട്, "ബാബിലോൻ നശിച്ചപ്പോൾ, ജാതികളുടെ പട്ടണങ്ങളും വീണുപോയി" എന്നാണ് നാം വായിക്കുന്നത് (വാ. 19).

ഇങ്ങനെ ദൈവ ക്രോധം അവരിൽ ചൊരിയുവാനുള്ള കാരണം എന്തായിരുന്നു? ബാബിലോനും അവളുടെ സഖ്യകക്ഷികളും ദൈവത്തെ അംഗീകരിക്കുവാനോ മഹത്വപ്പെടുത്തുവാനോ തയ്യാറായില്ല. അതുകൊണ്ട്, "ദൈവക്രോധമദ്യമുള്ള പാത്രം ബാബിലോന്ന് കൊടുക്കേണ്ടതിന് അവളെ ദൈവസന്നിധിയിൽ ഓർത്തു"[43] (വാ. 19). ലിയോൺ മോറിസ് എഴുതി,

> *ദൈവത്തിന്റെ ക്രോധമദ്യമുള്ള പാത്രം* എന്ന പ്രയോഗം ഇത്ര ഊന്നൽ കൊടുത്ത് പുസ്തകത്തിൽ മറ്റൊരുഭാഗത്തുമില്ല.[44] സർവ്വ-വിശുദ്ധനും, സർവ്വ-ശക്തനുമായ ദൈവത്തിൽനിന്നും ബാബിലോന്ന് ഏറ്റവും അനുയോജ്യമായ പ്രതികരണമാണ് ലഭിച്ചത്.[45]

വാക്യം 20-ൽ ദൈവശക്തിയുടെ മറ്റൊരു പ്രയോഗമുണ്ട്. "എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്നു നീങ്ങി പോയി" (6:14).

വാക്യങ്ങൾ 18 ലേയും 20 ലേയും അലങ്കാരങ്ങൾ പോലെയാണ് വാക്യം 21 ലേത്, എന്നാൽ കാണുന്ന ഭാവന മുൻപ് വെളിപ്പാടിൽ കണ്ടിട്ടില്ല-അത് നമ്മെ മിസ്രയിമിലെ ഏഴാമത്തെ ബാധയാണ് ഓർപ്പിക്കുന്നത് (പുറപ്പാട് 9:18–35): "താലന്തോളം ഘനമുള്ള കല്ലായി[46] വലിയ കന്മഴ മനുഷ്യരുടെമേൽ പെയ്തു" (വാ. 21). ഗോൾഫ്-പന്തിന്റെയും ബേസ്-ബാളിന്റേയും വലുപ്പത്തിലുള്ള കന്മഴ ഞാൻ കണ്ടിട്ടുണ്ട്; മുന്തിരിങ്ങയുടെ വലുപ്പത്തിലുള്ള കന്മഴയെകുറിച്ച് ഞാൻ കേട്ടിട്ടുണ്ട്; എന്നാൽ ഇരു-ന്നൂറു പൗണ്ട് ഭാരമുള്ള കന്മഴയെകുറിച്ച് കേട്ടുകേൾവി പോലുമില്ല. (നൂറു പൗണ്ട് തൂക്കമുള്ള ഐസ് കട്ട വിറ്റിരുന്നതായി നമ്മിൽ ചിലർ കേട്ടിരിക്കാം, അത്തരത്തിലൊന്ന് എന്റെ തലയിൽ ചുമക്കുവാൻ എനിക്ക് കഴിയില്ല!)

"[പഴയനിയമ]ത്തിൽ ദൈവം തന്റെ ശത്രുക്കളെ കന്മഴ ഉപയോഗിച്ച് ശിക്ഷിച്ചിട്ടുണ്ട് ... ദൈവത്തിന്റെ ആയുധശാലയിലെ പകരം വീട്ടൽ ആയുധമായിരുന്നു പലപ്പോഴും കന്മഴ."[47] ഭാവിയിൽ അക്ഷരികമായി അത്രയും ഘനമുള്ള കന്മഴ പെയ്യിക്കുമെന്നല്ല വാക്യം 21 പറയുന്നത്, മറിച്ച് പാപം ദൈവത്തെ എത്രമാത്രം അസന്തുഷ്ടമാക്കുന്നു എന്നാണ് അത് കാണിക്കുന്നത്!

ബാധിക്കപ്പെട്ടവരുടെ ശക്തമായ പ്രതികരണം നാം ഒരിക്കൽകൂടെ കാണുന്നു: "കന്മഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ട്, മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദുഷിച്ചു" (വാ. 21). അവർ തന്നെയാണ് കുഴപ്പങ്ങൾ അവരിലേക്ക് കൊണ്ടുവന്നത് (സങ്കീർത്തനങ്ങൾ 7:16), എന്നിട്ടും അവർ ദൈവത്തെ പഴിച്ചു!

**ഉപസംഹാരം**

അദ്ധ്യായം 16 ൽനിന്നു നാം ഒന്നും പഠിച്ചില്ലെങ്കിലും, നമ്മുടെ കുഴപ്പങ്ങൾക്ക് നാം ദൈവത്തെ പഴിക്കരുത് എന്നു പഠിച്ചുകാണും. പാപമുള്ള ലോകത്തിൽ ജീവിക്കുന്നതാണ് നമ്മുടെ ചില പ്രശ്നങ്ങൾ (ഉൽപത്തി 3:17–19). പാപികളായ ആളുകളോടുള്ള സംസർഗത്തിന്റെ ഫലമാണ് ചില പ്രശ്നങ്ങൾ (റോമർ 14:7). ചിലത് നമ്മുടെ വ്യക്തിപരമായ മോശം തീരുമാനങ്ങളുടെ ഫലമായുണ്ടാകുന്നു (ഗലാത്യർ 6:7). നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ നിറയുന്നതിന് മൗഢ്യമായി നാം ദൈവത്തെ പഴിക്കരുത് (ഇയ്യോബ് 1:22; കെജെവി). "ദൈവം എന്നെ കുഴപ്പത്തിലാക്കുവാൻ ശ്രമിക്കുന്നു എന്ന് ... സമ്മർദ്ദത്തിലായ ആരും പറയരുത്, കാരണം ദൈവം ... ആരുടേയും വഴിയിൽ ദ്രോഹം വെക്കുകയില്ല."[48] മറിച്ച്, നമുക്ക് ദൈവത്തിൽ ആശ്രയിച്ച് അവയെ തരണം ചെയ്യുവാൻ ശീലിക്കാം.

എല്ലാറ്റിലുമുപരി, മാനസാന്തരപ്പെടുവാൻ കൂട്ടാക്കാത്തവരെ പോലെ ആകരുത്. നമ്മുടെ ജീവിതത്തെ നിരന്തരമായി പരിശോധിച്ച് നമ്മുടെ ഹൃദയങ്ങളെ നമുക്ക് മൃദുലമാക്കി സൂക്ഷിക്കാം (2 കൊരിന്ത്യർ 13:5). നമ്മിൽ എവിടെയെങ്കിലും പാപം കാണുമ്പോൾ, നമുക്ക് മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയാം (2:5, 16, 22; 3:3, 19; കൂടാതെ 9:20, 21 കൂടെ നോക്കുക). അങ്ങനെ നമുക്ക് നമ്മെ സൂക്ഷിക്കാം. അങ്ങനെയാണ് നാം കർത്താവിന്റെ വരവിനായി ഒരുങ്ങുന്നത് (16:15).

നിങ്ങൾക്ക് താൽപര്യത്തോടെ "കർത്താവേ, വരേണമേ" (22:20) എന്നു പറയുവാൻ കഴിയുന്നില്ലെങ്കിൽ, അതിന് ആവശ്യമായതെല്ലാം ചെയ്യുക[49] – ഹൃദയം കഠിനമാകുന്നതിനുമുൻപ് ചെയ്യുക. ഡോ. ജോർജ് സ്വീറ്റിങ്ങ് എഴുതി,

വളരെ വർഷങ്ങൾക്ക് മുൻപ് ഞാനും എന്റെ കുടുംബവും നയാഗ്രാ വെള്ളച്ചാട്ടം കാൺമാൻ പോയി. അതു വസന്തകാലമായിരുന്നതുകൊണ്ട് ഐസ്കട്ടകൾ ഒഴുകി വീഴുന്നുണ്ടായിരുന്നു. ഞാൻ നോക്കിയപ്പോൾ ചത്ത മൽസ്യങ്ങളുടെ അവശിഷ്ടങ്ങൾ ഐസിൽ പറ്റിപ്പിടിച്ചിരുന്നത് തിന്നുവാൻ വെള്ളച്ചാട്ടത്തിനരുകിൽ കടൽപ്പക്ഷി ഇരിക്കുന്നുണ്ടായിരുന്നു. ഐസ്കട്ട വന്നു പതിക്കുന്നതിനുമുൻപ് പക്ഷി ചിറക് വിരിച്ച് പറന്നു മാറുമായിരുന്നു.

ഞാൻ നോക്കിക്കൊണ്ടിരുന്നപ്പോൾ, ഒരു കടൽപക്ഷി ആഹാരത്തിൽ തന്നെ കണ്ണുനട്ടിരുന്നതുകൊണ്ട് പറക്കുവാൻ അല്പം താമസിച്ചുപോയി, ഐസ്കട്ട ശക്തിയായി വന്നു പതിച്ചതിനാൽ, ആ പക്ഷി പറക്കുവാൻ ശ്രമിച്ചെങ്കിലും, വിജയിക്കാത്തതിനാൽ, നദിക്കടിയിലേക്ക് പോയി. ഐസ്കട്ടയുടെ ഘനം വലുതായിരുന്നതിനാലും, പക്ഷി പറക്കുവാൻ താമസിച്ചതിനാലും ആയിരുന്നു ആ അത്യാഹിതം.[50]

ദൈവത്തെ അനുസരിക്കുവാൻ താമസിക്കരുത്!

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള ഒരു കുറിപ്പ്**

ഈ പാഠത്തിനുള്ള മറ്റു തലവാചകങ്ങൾ ഇതാ: “ദൈവം മുഷിയുമ്പോൾ,” “ദൈവത്തെ പരിഹസിച്ചുകൂടാ,” “ദൈവത്തിന്റെ ദിർഘകാല ഓർമ്മ,” “ആകാശത്തിൽനിന്നുള്ള ഭീകരത.”

---

കുറിപ്പുകൾ

[1]ഡബ്ലിയുബി. വെസ്റ്റ് ജൂനിയർ., *റെവലേഷൻ ത്രു ഫസ്റ്റ് സെഞ്ചുറി ഗ്ലാസസ്, എഡി. ബോബ് പ്രിച്ചാർഡ്* (നാഷിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1997), 108. [2]“സംസാരം” എന്നതിനും “മുറിവ്” എന്നതിനും ഉള്ള രണ്ടു വാക്കുകൾ ചേർന്ന സംയുക്തഗ്രീക്ക് വാക്കാണ് നാമമായി ഇവിടെ ഉപയോഗിച്ചത്. [3]നമ്മുടെ ജീവിതത്തിൽ പല ഘടകങ്ങളും ബാധിക്കുന്നത്, വ്യക്തിപരമായ നമ്മുടെ കുഴപ്പങ്ങൾകൊണ്ടാകണമെന്നില്ല പലപ്പോഴും. എങ്ങനെയായാലും, നാം ആ കുഴപ്പങ്ങളെ എങ്ങനെ *തരണം* ചെയ്യുന്നു എന്നത് ഒരു ഘടകം തന്നെ*യാണ്*. അത് നമുക്ക് ഒരു ഇടർച്ചക്കല്ലാകുമോ അതോ നല്ല നാളേക്കുള്ള ഒരു കാൽവെപ്പാകുമോ എന്നതാണ് പ്രശ്നം. “എന്റെ കഷ്ടം” എന്നു പുരുഷാരം നിലവിളിക്കുന്നു. ആ പറയുന്നത് അയാൾ പ്രബോധനരഹിതനാകുന്നതുകൊണ്ട*ാണ്*. നമ്മുടെ വിശ്വാസം പറയേണ്ടത്, “ദൈവം എല്ലാം നന്മക്കായി പ്രവർത്തിക്കുന്നു” എന്നാണ് (റോമർ 8:28). വിശ്വസ്തനായ ക്രിസ്ത്യാനിക്ക് വെല്ലുവിളിയിൽ, “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ” എന്നു പറയുവാൻ കഴിയണം (ഫിലിപ്പിയർ 4:13). 4മൈക്കിൾ വിൽക്കോക്ക്, ഐ സാ ഹെവെൻ ഓപ്പന്റ്: ദ മെസേജ് ഓഫ് റെവലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡെ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 147. [5]കെജെവിയിൽ “സീറ്റ്” എന്നാണ്, ഗ്രീക്കിൽ ഇവിടെ *ത്രോനോസ്* എന്നതിന്റെ മറ്റൊരു വകഭേദമാണ്. [6]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ “പാപത്തിന്റെ നശീകരണ-സ്വഭാവം” എന്ന പാഠം നോക്കുക. [7]കാഹളങ്ങളും കലശങ്ങളും തമ്മിൽ അടുത്ത് ബന്ധപ്പെട്ടിരിക്കയാൽ, റോമാ സാമ്രാജ്യത്തിനുണ്ടായ *ധാർമ്മി*

*കമായ അധഃപ്പതനം* മൂലം, ദേശത്ത് ആകെ ധാർമ്മികവും ആത്മികവുമായ ഇരുട്ടു ബാധിക്കുകയും, അവസാനം സാമ്രാജ്യം വീഴുകയും ചെയ്തു. റോമിന്റെ വീഴ്ച്ചക്ക് പ്രകൃതി ദുരന്തവും ആഭ്യന്തര നാശവും, ബാഹ്യമായ ആക്രമണവും കാരണമായി എന്നത് ഓർക്കുക. [8]മിസ്രയിമിലെ ഇരുട്ട് യിസ്രായേലിനെ ബാധിച്ചില്ല (പുറപ്പാട് 10:23). അതുപോലെ, വെളിപ്പാട് 16 ലെ ഏഴ് ബാധകൾ ക്രിസ്ത്യാനികളെ ബാധിച്ചില്ല (വാ. 2 നോക്കുക). [9]ആകെ ഇരുട്ട് ബാധിക്കുന്നതിനെ കുറിച്ച് നിങ്ങൾക്ക് ചിത്രീകരിക്കാം. എന്റെ യാത്രകളിലുണ്ടായവയാണ് ഞാൻ നൽകിയത്. [10]റോമാ സാമ്രാജ്യം മൊത്തം ഇരുട്ടാകുന്നത് ഊഹിക്കുവാൻ രാത്രിയിൽ പെട്ടെന്ന് *അമേരിക്ക മുഴുവൻ കരണ്ട് പോയാലുള്ള അവസ്ഥ* ആലോചിച്ചാൽ മതി.

[11]യോഹന്നാൻ 8:12; 12:46; റോമർ 2:19; 13:12; 1 കൊരിന്ത്യർ 4:5; 2 കൊരിന്ത്യർ 6:14; എഫെസ്യർ 5:8, 11; 6:12; 1 തെസലൊനിക്യർ 5:5; 1 യോഹന്നാൻ 1:6; 2:11 നോക്കുക. [12]"ചവക്കുക," "കടിക്കുക, അല്ലെങ്കിൽ തിന്നുക" എന്നർത്ഥം വരുന്ന മൂല വാക്കിൽ നിന്നു തർജിമ ചെയ്തതാണ് നമുക്ക് "കടിച്ചു" എന്ന വാക്ക് ലഭിച്ചത്. [13]ഒന്നാമത്തെ കലശം ഒഴിച്ചപ്പോൾ അവർക്ക് നേരിട്ട വിവിധ "കഷ്ടങ്ങളിൽ" "വ്രണം" മാത്രമാണ് എടുത്തു പറഞ്ഞത്. രണ്ടും മൂന്നും നാലും കലശങ്ങളിൽനിന്നും അവർക്ക് കഷ്ടങ്ങളുണ്ടായിരിക്കാം. മൃഗത്തിനും കള്ളപ്രവാചകനും (കഴിയുമെന്ന് അവകാശപ്പെട്ടഅത്ഭുതങ്ങളടക്കം) അവരുടെ സകല ശക്തിയും ഉപയോഗിച്ചിട്ടും വ്രണം മാറിയില്ലഎന്ന് ശ്രദ്ധിക്കുക. [14]പഴയനിയമത്തിൽ ദൈവം തന്റെ ശക്തി പ്രദർശിപ്പിച്ച സംഭവമായിരുന്നു വെള്ളം വറ്റിക്കൽ, "[ചെങ്കടലിനെപുറപ്പാട് 14:21], യോർദ്ദാൻ നദിയെ [യോശുവ 3:16, 17] പല പ്രാവശ്യം പ്രവചനഫലമായും സംഭവിച്ചു [യെശയ്യാവ് 11:15; യിരെമ്യാവ് 51:36; സെഖര്യാവ് 10:11]" (ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987], 191). കോരശ് ബാബിലേൻ നഗരം പിടിച്ചപ്പോൾ, യൂഫ്രത്തേസ് നദിയുടെ ഭാഗം നഗരത്തിൽ കൂടെ ഒഴുകിയിരുന്നത് തിരിച്ചുവിട്ടപ്പോൾ നഗര ഭാഗം "ഉണങ്ങിയതായി" പല എഴുത്തുകാരും കരുതുന്നു. അങ്ങനെ നഗരം വഴങ്ങത്തക്കതായി. 16:12-ൽ പറയുന്നത് ആ സംഭവമായാലും, അല്ലെങ്കിലും യൂഫ്രത്തേസ് നദി ഉണങ്ങിയത് പറയുമ്പോൾ അത് ചിത്രീകരിക്കാവുന്നതാണ്. [15]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നരകത്തിന്റെ മുൻനിഴൽ" എന്ന പാഠം നോക്കുക. [16]*യെഹൂദ*ന്മാർക്കും അവരുടെ ശത്രുക്കൾക്കും തമ്മിലുള്ള തടസമായിരുന്നു യൂഫ്രത്തേസ് നദി എന്ന് നാം നിരീക്ഷിക്കുകയുണ്ടായി. [17]"കിഴക്കുനിന്നുള്ള രാജാക്കന്മാർ" എന്ന പ്രയോഗം വെളിപ്പാടിൽ മറ്റൊരു ഭാഗത്തുമില്ല. പരിശുദ്ധാത്മാവ് ഇവിടെ അതിനെ വിവരിക്കുന്നുമില്ല. സന്ദർഭത്തിൽ, "യൂഫ്രത്തേസിനു കിഴക്കുള്ള അവരുടെ ശത്രുക്കളെ" ആണ് സൂചിപ്പിക്കുന്നത്. വെളിപ്പാട് എഴുതുമ്പോൾ റോമാ സാമ്രാജ്യത്തിന്റെ അതിരായിരുന്നു യൂഫ്രത്തേസ്, അതിനപ്പുറം അവരുടെ അതിര് വിപുലപ്പെടുത്തിയിരുന്നില്ല. [18]ആറാമത്തെ കാഹളത്തെ കുറിച്ച് നാം പഠിച്ചപ്പോൾ പാപം മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്നതിനെ കുറിച്ച് പറയുകയുണ്ടായി. അതേ പ്രായോഗികത ഇവിടെയും വരുത്താം: തടസങ്ങൾ ഇറങ്ങിവന്നപ്പോൾ പാപിയെ മാത്രമല്ല, പാപിക്കു ചുറ്റുമുള്ള എല്ലാവരേയും ബാധിച്ചു. [19]ഇത് ആദ്യമായാണ് "കള്ളപ്രവാചകൻ" എന്ന പ്രയോഗം നാം വേദഭാഗത്ത് വായിക്കുന്നത്, പക്ഷെ 13:11-17 പഠിച്ചപ്പോൾ, രണ്ടാമത്തെ മൃഗത്തെ (കര ജന്തു) "കള്ളപ്രവാചകൻ" എന്നു വിളിച്ചിരുന്നതായി നാം മനസിലാക്കി, പ്രത്യേകിച്ച് 19:20 നോക്കുക. [20]അശുദ്ധരായ മൂന്നു പേരുടെ "വായിൽ" നിന്നും മൂന്ന് "അശുദ്ധാത്മാക്കൾ" പുറപ്പെടുന്നതിനെ സംബന്ധിച്ച് വ്യാഖ്യാതാക്കൾ വാക്കുകൾകൊണ്ട് ചില ആത്മാക്കൾ അമ്മാനമാടുന്നു. "ആത്മാവ്"

എന്നതിന്റെ ഗ്രീക്ക് വാക്കിന് "ശ്വാസം" എന്നും അർത്ഥമുണ്ട്. അതുകൊണ്ട് പിശാച് ലോകത്തിലേക്ക് അയച്ച വ്യാജ വാക്കുകളും അഭക്തിയുമാണ് ആലങ്കാരികമായി മൂന്നു തവളകൾ സൂചിപ്പിക്കുന്നത് എന്നാണ് അവർ കരുതുന്നത്. വ്യാജ *വാക്കു*കളാലാണ് സാത്താൻ സൈന്യത്തെ തിരഞ്ഞെടുക്കുന്നത് എന്നത് സത്യമാണ്.

[21]ജെയിംസ് ഡി. സ്ട്രാസ്, *ദ സിയർ, ദ സേവിയർ, ആന്റ് ദ സേവ്ഡ്, ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ്* (ജോപ്ലിൻ മോ.: കോളേജ് പ്രസ്, 1963), 225. [22]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "ഇടിമുഴക്കം" എന്ന പാഠത്തിലെ അർമ്മഗദോനെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [23]സന്ദർഭത്തിൽ, "ദൈവത്തിന്റെ മഹാദിവസം" എന്നത് അന്തിമന്യായവിധി ദിവസം ആകുവാനിടയില്ല - കർത്താവിന്റെ "വരവ്" എന്നു പറഞ്ഞിരിക്കുന്നത് കർത്താവിന്റെ രണ്ടാം "വരവു" മായിരിക്കയില്ല, അത് റോമിനെ വിധിക്കുന്നതാണ്. എങ്ങനെയായാലും, മുൻപ് പറഞ്ഞതുപോലെ, അവന്റെ താൽക്കാലിക "വരവുകൾ" അന്തിമ വരവിന് നമ്മുടെ മനസുകളെ ഒരുക്കുന്നതാണ്. [24]ബ്രൂസ് എം. മെറ്റ്സജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: അബിങ്ങ്ടൺ പ്രസ്, 1993), 84. [25]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "അതിശയിപ്പിക്കുന്ന അലങ്കാരങ്ങളും പ്രധാന ചിഹ്നങ്ങളും" എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [26]"കള്ളനെ പോലെ" എന്ന വാക്ക് സൂചിപ്പിക്കുന്നത് കർത്താവ് അപ്രതീക്ഷിതമായി വരുമെന്നാണ്. [27]വെളിപ്പാട് പുസ്തകത്തിലെ മൂന്നാമത്തെ മനോഗുണമാണിത്. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "കർത്താവേ, എത്രത്തോളം?" എന്ന പാഠത്തിലെ 1:3 ന്റെ കുറിപ്പുകൾ നോക്കുക. [28]ഗ്രീക്ക് മൂല ഗ്രന്ഥത്തിൽ "ഉണർന്നിരിക്കുക" "സൂക്ഷിക്കുക" എന്നീ വാക്കുകൾ വർത്തമാനകാലത്തിൽ ഉപയോഗിച്ചിരിക്കുന്നത് തുടർപ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. നാം കർത്താവിന്റെ വരവിനായി ഒരുങ്ങുന്നുവെങ്കിൽ, നാം *തുടർച്ചയായി* സൂക്ഷിച്ചിരിക്കണം. [29]തിരുവെഴുത്തുകളുടെ വാക്യാനുസരമുള്ള ദൈവശ്വാസിയതയിൽ വിശ്വസിക്കാത്ത ചില ഉദാരമതികളായ വ്യാഖ്യാതാക്കളെ കുറിച്ചാണ് ഞാൻ പറഞ്ഞത്. [30]തന്റെ വരവിന്റെ പ്രസ്താവനയിൽ യേശുവിന്റെ വിജയം അന്തർലീനമായിരിക്കുന്നു (വാ. 15).

[31]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "ഭൂതകാലത്തിൽ ജീവിച്ച സ' " എന്ന പാഠത്തിലെ 3:2, 3 ന്റെ കുറിപ്പുകൾ നോക്കുക. [32]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "അതുണ്ടാക്കിയ സഭ 2" എന്ന പാഠത്തിലെ 3:18 ന്റെ കുറിപ്പ് നോക്കുക. പടയാളികളെ തോൽപിച്ച് പിടിച്ച് അവരുടെ വസ്ത്രം കീറി - ലജ്ജിപ്പിക്കുവാൻ ആളുകൾക്ക് മുമ്പിലൂടെ നടത്തിയിരുന്നതായി പല വ്യാഖ്യാതാക്കളും പറയുന്നു. കാവൽജോലി സമയത്ത് ഉറങ്ങുന്ന പടയാളികളുടെ വസ്ത്രം കത്തിച്ചുകളയുമെന്നും ചിലർ പറഞ്ഞിരിക്കുന്നു. ആ കത്തിപ്പോയ വസ്ത്ര (ഭാഗം) എടുത്ത് അയാൾ ജോലിക്കിടയിൽ കാണിച്ച അലക്ഷ്യത്തെ പരസ്യമാക്കും. ചിത്രീകരണം അറിഞ്ഞോ അറിയാതെയോ പൊതുവിൽ എങ്ങനെയോ സംഭവിച്ചിരിക്കാം. ആ ചിത്രം അയാളുടെ വസ്ത്രം ആരോ എടുത്തുകൊണ്ട് പോയി അവൻ പെട്ടെന്ന് എഴുന്നേറ്റപ്പോൾ (തീയാലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സഭവിച്ചതിനാലോ) നഷ്ടമായതുകൊണ്ട് ശരിക്ക് വസ്ത്രം ധരിക്കുവാൻ കഴിഞ്ഞില്ല. [33]ഞാൻ പറയുവാനുദ്ദേശിച്ച പോയിന്റ് കാരണം വാക്യം 15 ഞാൻ പെട്ടെന്ന് തീർക്കുകയുണ്ടായി നിങ്ങൾക്ക് വേണമെങ്കിൽ, അതിന് കൂടുതൽ സമയം എടുത്ത് വിശദമാക്കാം. ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യകത ഓർപ്പിക്കുന്നതാണ് പത്തുകന്യകമാരുടെ ഉപമ (മത്തായി 25:1–13). [34]എച്ച്. എൽ. എലിസൻ, *1 പത്രൊസ് - റെവെലേഷൻ,* സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്ക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 76. [35]"ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു പുറത്ത്" എന്ന

പ്രയോഗം നാം മനസിലാക്കേണ്ടത് സ്വർഗം ദൈവത്തിന്റെ "സിംഹാസനമുറി" തന്നെയാണ് എന്നത്രെ. മൃഗത്തിന്റെ സിംഹാസനം അപ്പോൾ പ്രവർത്തന-രഹിത മായിരുന്നു (16:10), എന്നാൽ ദൈവത്തിന്റെ സിംഹാസനമോ അപ്പോഴും - ശക്ത മായി പ്രവർത്തിച്ചുകൊണ്ടിരുന്നു. [36]വാക്യം 1 നെ കുറിച്ചുള്ള പരാമർശം വീണ്ടും വായിക്കുക. [37]"പൂർണ്ണകാലം" സൂചിപ്പിക്കുന്നത് ക്രിയ ആ പ്രവൃത്തി *പൂർണ്ണ*മാക്കി അല്ലെങ്കിൽ പൂർത്തിയാക്കി എന്നാണ്. [38]നോക്കുക, 4:5; 8:5; 11:19; കൂടാതെ 6:12 നോക്കുക. [39]ആ പ്രയോഗം നിങ്ങളുടെ ശ്രോതാക്കൾക്ക് പ്രയോജനപ്പെടുമെങ്കിൽ, നി ങ്ങൾക്ക് അതിനെ "ഭൂകമ്പങ്ങളുടെ മാതാവ്" എന്നു വിളിക്കാം. "റോമാ സാമ്രാജ്യത്തേ ക്കാൾ വലിയ ഒരു വാഴ്ച്ച പിന്നീട് ഉണ്ടാകാതിരുന്നതുകൊണ്ട്, റോമിന്റെ വീഴ്ച്ച വലിയ ഒരു ഭൂകമ്പമായിരുന്നു." എന്നാണ് ഹോമർ ഹെയ്ലി പറഞ്ഞത് (*റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979], 338). [40]ബാബിലോനെ ചിലർ യെരുശലേമായി തിരിച്ചറിഞ്ഞ്, ഏ. ഡി. 70 ലെ യെരു ശലേം നാശത്തെ ആണ് അത് സൂചിപ്പിക്കുന്നത് എന്നു പറയുന്നു. വെളിപ്പാട് ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്താണ് (യെരുശലേമിന്റെ വീഴ്ച്ചക്ക് മുമ്പ്) എഴുതിയത് എന്ന് വിശ്വസിക്കുവാനുള്ള കാരണങ്ങൾ നാം നൽകുകയുണ്ടായി. ആകയാൽ ബാബി ലോൻ ആലങ്കാരികമായി റോമിനെയാണ് ഉദ്ദേശിക്കുന്നത്. ഏതു വിധത്തിലായാലും, ഒരു വ്യക്തിക്കും, പട്ടണത്തിനും, ദേശത്തിനും പാപത്തിന്റെ അനന്തരഫലത്തിൽനി ന്നും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല എന്നാണ് ആ വേദഭാഗം പഠിപ്പിക്കുന്നത്.


[41]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ സർപ്പം" എന്ന പാഠ ത്തിലെ "മൂന്ന്" എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യത്തെ പരാമർശിക്കുന്നത് നോക്കുക. [42]ആ പദപ്രയോഗം *പൂർണ്ണമായ* നാശത്തെയുമാകാം പറയുന്നത്. [43]ഈ പാഠത്തിൽ നേരത്തെ വന്ന "ദൈവം ഓർക്കുമ്പോൾ" എന്ന പാഠത്തിന്റെ മുഖവുര നോക്കുക. [44]എൻഐവി തർജിമ നോക്കുക. [45]മോറിസ്, 195. (എംഫസിസ് ഹിസ്.) [46]മൂലഗ്രന്ഥത്തിൽ "ഒരു താലന്ത്" എന്നാണ് (എൻഐവി നോക്കുക). താലന്തുക ളുടെ ഘനം വ്യത്യസ്തമാകയാൽ, ദർശനത്തിലെ കന്മഴയുടെ കൃത്യമായ ഘനം ന മുക്ക് അറിയില്ല. കണക്കാക്കൽ 60 മുതൽ 125 പൗണ്ട് വരെ ആകാം. "നൂറ് പൗണ്ട്" എന്ന് കണക്കാക്കുന്നതായിരിക്കും നല്ലത്. [47]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവ ലേഷൻ,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 304–5. [48]യാക്കൊബ് 1:13; യൂജിൻ എച്ച്. പീറ്റേഴ്സൺ, *ദ മെസേജ്: ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* (കൊളൊറാഡോ സ്പ്രിങ്ങ്സ്, കൊളോ.: നവ്പ്രസ്, പബ്ലിഷിങ്ങ് ഗ്രൂപ്, 1995), 566. [49]ഇത് ഒരു പ്രസംഗമായി ഉപയോഗിക്കുക യാണെങ്കിൽ, നിങ്ങളുടെ ശ്രോതാക്കളോട് കർത്താവിനോട് എങ്ങനെ പ്രതികരിക്കണ മെന്ന് പറയുക. [50]ക്വോട്ടഡ് ഇൻ ക്രെയിഗ് ബ്രയൻ ലാർസൻ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ് ഫ്രം* ലീഡർഷിപ് ജേർണൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1993), 180.

---


## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. "ദൂഷണം" എന്ന വാക്കിന്റെ അർത്ഥമെന്ത്? ഏതെല്ലാം രീതി യിലാണ് ആളുകൾ ദൈവത്തെയും അവന്റെ നാമത്തെയും "ദുഷിക്കുന്നത്"?

2. പലപ്പോഴും ആളുകൾ തങ്ങളുടെ കുഴപ്പങ്ങൾക്ക് മറ്റുള്ളവരെ പഴിചാരുകയില്ലേ? ചിലർ ദൈവത്തെ പോലും പഴിക്കുകയില്ലേ?
3. അഞ്ചാമത്തെ കലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു?
4. പാപം ഇന്ന് ഏതു തരത്തിലുള്ള "ഇരുട്ടാണ്" ആളുകളുടെ മനസിലും ഹൃദയത്തിലും വരുത്തുന്നത്?
5. ആറാമത്തെ കലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു?
6. മൂന്നു തവളകൾ സൈന്യത്തെ കൂട്ടിച്ചേർക്കുന്നത്, ദൈവത്തിനെതിരെ അവയ്ക്ക് ജയിക്കുവാൻ കഴിഞ്ഞില്ല എന്നതിന് എന്തു സൂചനയാണ് പുസ്തകം നൽകുന്നത്?
7. ക്രിസ്തുവിന്റെ വരവിനു വേണ്ടി ഒരുങ്ങുന്നവർ തങ്ങളുടെ വസ്ത്രം "അലക്കണം" എന്നു വാക്യം 15 പറഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥമെന്ത്?
8. ഏഴാമത്തെ കലശം ഒഴിച്ചപ്പോൾ എന്തു സംഭവിച്ചു?
9. വെളിപ്പാടിൽ മുമ്പ് വന്നിട്ടുള്ള എന്തു ദൈവശക്തിയുടെ പ്രദർശനമാണ് വാക്യം 18 മുതൽ 21 വരെ കാണുന്നത്? എന്താണ് പുതുതായി പ്രദർശിപ്പിച്ചത്?
10. ഭൂകമ്പം ഉന്നം വെച്ചത് എന്തിനെ? പാഠം പറയുന്നത് അത് ഏത് പട്ടണമാണെന്നാണ്?
11. റോമിന്റെ വീഴ്ച്ചക്ക് ഏതെല്ലാം മൂന്നു ഘടകങ്ങളാണ് സംഭവിച്ചത്? ഏഴ് ക്രോധകലശം ഇത് എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?
12. നമ്മുടെ ജീവിതത്തിൽ കുഴപ്പങ്ങൾ സംഭവിക്കുമ്പോൾ, നാം ദൈവത്തെ പഴിക്കണോ അതോ ദൈവത്തിലേക്ക് തിരിയണോ?



**അഞ്ചാമത്തെ കലശം (16:10–11)**



**ആറാമത്തെ കലശം (16:12)**



**ഏഴാമത്തെ കലശം (16:17–21)**